LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ മംഗൽപാടി ഗ്രാമപഞ്ചായത്തിന്റെ ഒന്നര ഏക്കർ സ്ഥലം മഞ്ചേശ്വരം താലൂക്ക് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിക്കുകയും പ്രസ്തുത ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനാവശ്യമായ എല്ലാ രേഖകളും സമർപ്പിയ്ക്കാത്തതിനാൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ബന്ധപ്പെട്ട ഫയലിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ഡി) പ്രസ്തുത ആവശ്യത്തിനായി ഭൂമി എപ്പോൾ അനുവദിച്ചുനൽകാൻ കഴിയുമെന്ന് വിശദമാക്കുമോ?

സർക്കാർ ആവശ്യപ്പെട്ട രേഖകൾ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കി കഴിഞ്ഞാൽ, ആയത് പരിശോധിച്ച് ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുശേഷം ഭൂമി കൈമാറ്റത്തിനുള്ള നടപടി സ്വീകരിക്കുന്നത് റവന്യൂവകുപ്പാണ്. സർക്കാർ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

തിരുവല്ല സബ്ട്രഷറി നിർമ്മാണത്തിന് നഗരസഭയുടെ ഭൂമി

357 (5082) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) തിരുവല്ല സബ്ട്രഷറി നിർമ്മാണത്തിനായി തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുകൊടുക്കുന്നതുസംബന്ധിച്ച് നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തിരുവല്ല വില്ലേജിൽ ബ്ലോക്ക് നമ്പർ 191-ൽ സർവ്വേ നമ്പർ 8-ൽപ്പെട്ട തിരുവല്ല നഗരസഭയുടെ ഉടമസ്ഥതയിലുള്ള 11.65 ആർ സ്ഥലത്തുനിന്നും 4.86 ആർ പുരയിടം തിരുവല്ല സബ്ട്രഷറിയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിലേയ്ക്ക് 99 വർഷത്തേയ്ക്ക് പ്രതിവർഷം 1,000 രൂപ ഈടാക്കി പാട്ടക്കരാർ വ്യവസ്ഥയിൽ വിട്ടുനൽകുന്നതിന് 30-7-2019-ലെ 2-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും, നഗരസഭാ സെക്രട്ടറിയെ ട്രഷറിവകുപ്പുമായി പാട്ടക്കരാറിൽ ഏർപ്പെടുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. പാട്ടക്കരാറിന്റെ കരട് നഗരസഭ ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയിട്ടുണ്ടെന്ന് നഗരകാര്യഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ബി) ഭൂമി വിട്ടുനൽകുന്നതുസംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിൽ അദ്ധ്യായം II ചട്ടങ്ങൾ 6 മുതൽ 12 വരെയാണ് വസ്തു കയ്യൊഴിക്കൽ സംബന്ധിച്ച് പരാമർശിക്കുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ട് 215 പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ മുനിസിപ്പൽ പ്രദേശത്തിനുള്ളിലോ, അതിനു പുറത്തുള്ള ഭൂമിയോ, കെട്ടിടമോ ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിന് എന്തെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനുവേണ്ടി ആർജ്ജിക്കുകയോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കൈയ്യൊഴിക്കുകയോ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ സ്വന്തമായ കെട്ടിടങ്ങൾ ആക്ടിന്റെ 215-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി കൗൺസിൽ നിശ്ചയിക്കുന്ന കാലയളവിലേക്ക് ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്കോ പാട്ടത്തിനോ നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മുനിസിപ്പാലിറ്റിയുടെ സ്വന്തമായ വസ്തുക്കളുടെ കൈമാറ്റം കേരള മുനിസിപ്പാലിറ്റി ആക്ടിലെ 215-ാം വകുപ്പ് (1)-ാം ഉപവകുപ്പിനനുസൃതവും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാറത്തിന് അനുയോജ്യവുമായിരിക്കേണ്ടതാണ്.

വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും നടപടി

358 (5083) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽ കണക്ടിവിറ്റിക്കു വേണ്ടിയുള്ള കോൺക്രീറ്റ് തൂണുകളുടെ നിർമ്മാണത്താൽ തുപപ്പെട്ട ബണ്ടുകളും അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

&

(ബി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ റെയിൽ കണക്ടിവിറ്റിക്ക് വേണ്ടിയുള്ള കോൺക്രീറ്റ് തൂണുകളുടെ നിർമ്മാണം M/s. Afcons എന്ന കമ്പനി മുഖാന്തരം സതേൺറെയിൽവേയാണ് നടത്തിയിരിക്കുന്നത്. ആയതിനാൽ ചെളിയും മണ്ണും നീക്കം ചെയ്യാൻ കൊച്ചി കോർപ്പറേഷനു കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly